"സ്വാമിശരണം"

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ :ടിആർ2-000256/2017

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി: 19.10.2017

## <u>മെമ്മോറാണ്ടം</u>

വിഷയം:- 2017-18-ലെ ശബരിമല മണ്ഡലപൂജ മഹോൽസവം പ്രമാണിച്ചുള്ള പ്രത്യേക സർവ്വീസ് നടത്തിപ്പ് സംബന്ധിച്ച് -

സൂചന:- 10.10.2017 രാവിലെ 11 മണിക്ക് ചീഫ് ഓഫീസ് ബോർഡ് റൂമിൽ ബഹുമാനപ്പെട്ട ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

2017-18 വർഷത്തെ ശബരിമല മണ്ഡലപൂജ - മകരവിളക്ക് മഹോൽസവം കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 10.10.2017-ന് ബഹു: ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ചർച്ച നടത്തി താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുള്ളതാണ്.

1. ശബരിമല സ്പെഷ്യൽ സർവ്വീസുകളുടെ സുഗമമായ നടത്തിപ്പിനും, ബസ്സുകൾ Line up ചെയ്യുന്നതിനും പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ മാത്രം നിയോഗിക്കുന്നതിന് തീരുമാനിച്ചു.
2. സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും പമ്പ ഓഫീസിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തേണ്ടതാണ്.
3. എരുമേലി, കുമളി ഡിപ്പോകളിൽ പൂൾ ചെയ്യുന്ന ബസ്സുകൾ യാതൊരു കാരണവശാലും പമ്പയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് ഡയറക്ട് ചെയ്ത് അയക്കുവാൻ പാടില്ല.
4. പമ്പയിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ ഹാജർ സ്പെഷ്യൽ ഓഫീസർ എല്ലാ ദിവസവും പരിശോധിച്ച് ആയത് ഇ.ഡി.(ഒ)-ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

5. ഒരു ഡിപ്പോയിൽ 40 പേരിൽ കുറയാതെ പമ്പയിലേയ്ക്ക് യാത്രക്കാരെ ലഭ്യമാകുന്ന പക്ഷം മുൻവർഷങ്ങളിലെ പോലെ ഡിപ്പോയിൽ നിന്നും പമ്പയിലേയ്ക്ക് നേരിട്ട് സർവ്വീസ് നടത്താവുന്നതാണ്.

6. രാത്രികാലങ്ങളിൽ നിലയ്ക്കലിൽ കുറഞ്ഞത് 50 ബസുകളെങ്കിലും സർവ്വീസിന് ലഭ്യമാണെന്ന് സ്പെഷ്യൽ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

7. ശബരിമല ചാർട്ടേഡ് ട്രിപ്പുകളുടെ പരസ്യം ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും, പ്രസ്തുത പരസ്യം കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യുണിറ്റുകളിലും പ്രദർശിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ കസ്റ്റമർ റിലേഷൻസ് മാനേജരെ ചുമതലപ്പെടുത്തി.

8. ശബരിമല ചാർട്ടേർഡ് ട്രിപ്പുകളുടെ പരസ്യത്തിന്റെ സ്റ്റിക്കറുകൾ തയ്യാറാക്കുന്നതിനും ആയവ കെ.എസ്.ആർ.ടി.സി.യുടെ ബസുകളിൽ പതിപ്പിക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളുവാൻ ഇ.ഡി.പി.സി കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

9. മകരവിളക്ക് ദിവസം ഡ്യൂട്ടിയിലുള്ള എല്ലാ ക്രൂവിനും Food Packet-കൾ വിതരണം ചെയ്യണമെന്ന് ബഹു: സി.എം.ഡി നിർദ്ദേശിച്ചു.

10. കോട്ടയം ഡിപ്പോയിൽ ബസ് പാർക്കിംഗിനുവേണ്ടി സ്ഥലം സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ സിവിൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി.

11. വിവിധ ഡിപ്പോകളിൽ ശബരിമല മണ്ഡലപൂജ-മകരവിളക്ക് സ്പെഷ്യൽ സർവ്വീസിനായി യൂണിറ്റധികാരികൾ ആവശ്യപ്പെട്ട തുക.

| | |
|---|---|
| പത്തനംതിട്ട (പമ്പ ഉൾപ്പെടെ) | - 27 ലക്ഷം |
| കോട്ടയം | - 7 ലക്ഷം |
| ചെങ്ങന്നൂർ | - 6 ലക്ഷം |
| എറണാകുളം | - 5 ലക്ഷം |
| തിരുവനന്തപുരം സെൻട്രൽ | - 5 ലക്ഷം |
| കൊട്ടാരക്കര | - 6 ലക്ഷം |
| കായംകുളം | - 2 ലക്ഷം |
| കുമളി | - 5 ലക്ഷം |

ശബരിമല സ്പെഷ്യൽ സർവ്വീസിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ മുൻകൂറായി ആവശ്യപ്പെട്ട ഫണ്ട്.

| | |
|---|---|
| സെൻട്രൽവർക്സ് പാപ്പനംകോട് | - 25 ലക്ഷം |
| റീജിയണൽ വർക്ക്ഷോപ്പ് കോഴിക്കോട് | - 5 ലക്ഷം |
| റീജിയണൽ വർക്ക്ഷോപ്പ് ആലുവ | - 5 ലക്ഷം |
| റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര | - 3 ലക്ഷം |
| റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ | - 3 ലക്ഷം |

മേൽ ഫണ്ടുകളുടെ ആവശ്യകത പരിശോധിച്ച് ലഭ്യമാക്കുന്നതിനായി എഫ്.എ ആന്റ് സി.എ.ഒ-യെ ചുമതലപ്പെടുത്തി.

(ഒപ്പ്)

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

ആജ്ഞാനുസരണം

ചീഫ് ട്രാഫിക് മാനേജർ ഇൻ ചാർജ് ഓഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്)

സ്പെഷ്യൽ ഓഫീസർ, പമ്പ
എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും

പകർപ്പ് :-

പി.എസ് ടു സി.എം.ഡി
പി.എ ടു എഫ്.എ ആന്റ് സി.എ.ഒ
എക്സിക്യൂട്ടീവ് ഡയറക്ടർ(ടെക്നിക്കൽ)
എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ)
എക്സിക്യൂട്ടീവ് ഡയറക്ടർ(വിജിലൻസ്)
എക്സിക്യൂട്ടീവ് ഡയറക്ടർ(എം&ഡബ്ല്യൂ)
ചീഫ് ട്രാഫിക് മാനേജർ ഇൻ ചാർജ് ഓഫ് എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്)
മാനേജർ എം ആന്റ് ഡബ്ല്യൂ
എസ്റ്റേറ്റ് ഓഫീസർ
മെക്കാനിക്കൽ എഞ്ചിനീയർ(ഡബ്ല്യൂ) സെൻട്രൽ വർക്സ് പാപ്പനംകോട്
സിവിൽ എഞ്ചിനീയർ, ചീഫ് ഓഫീസ്
പ്രിൻസിപ്പാൾ - സ്റ്റാഫ് ട്രെയിനിംഗ് സെന്റർ
കസ്റ്റമർ റിലേഷൻസ് മാനേജർ, ചീഫ് ഓഫീസ്
വിജിലൻസ് ഓഫീസർ
കോ-ഓർഡിനേറ്റർ, ഇ.ഡി.പി.സി
വർക്സ് മാനേജർ - R/W മാവേലിക്കര, എടപ്പാൾ, ആലുവ, കോഴിക്കോട്
വെൽഫയർ ഓഫീസർ - സെൻട്രൽ വർക്സ്, ആലുവ
കോ-ഓർഡിനേറ്റർ ഇ.ഡി.പി.സി
അസിസ്റ്റന്റ് വർക്സ് മാനേജർ(എം.) - തിരു.സെൻട്രൽ, തിരു.സിറ്റി, കോട്ടയം, ആലപ്പുഴ, കൊട്ടാരക്കര, R/W ആലുവ
ഇൻസ്പെക്ടർ ഇൻ ചാർജ് ടൈം ടേബിൾ സെൽ